# Malayala Manorama
# 28 August 2018
# Kochi, After Flood, Damaged Roads

## പ്രളയം തകർത്ത റോഡുകൾ; ഗതാഗതം ദുഷ്കരം

കൊച്ചി ● പ്രളയത്തിൽ വീടും മറ്റും നഷ്ടപ്പെട്ടവർക്കായി പുനരധിവാസ പ്രവർത്തനങ്ങൾ ഊർജിതപ്പെടുന്ന സാഹചര്യത്തിനൊപ്പം റോഡുകളുടെ പുനരുദ്ധാരണത്തിനും അടിയന്തര നടപടി ആവശ്യം. ജില്ലയിലെ പല റോഡുകളും പ്രളയത്തിൽ തകർന്നു.

ഇവയിലൂടെ ഗതാഗതം ദുഷ്കരമായതിനൊപ്പം ഗതാഗതക്കുരുക്കും രൂക്ഷമാണ്. ദേശീയപാത തകർന്ന പറവൂരിൽ നിന്നു മൂത്തകുന്നം ഭാഗത്തേക്കു പോകുന്ന റോഡ് കുണ്ടും കുഴിയുമാണ്.

എറണാകുളത്തു നിന്നു ഗുരുവായൂർ, തൃശൂർ, കോഴിക്കോട് മേഖലകളിലേക്കു ബസുകൾ പോകുന്ന വഴിയാണു തകർന്നത്. എംസി റോഡിൽ പെരുമ്പാവൂർ വല്ലം പാലത്തിനു സമീപം 10 മീറ്റർ നീളത്തിൽ മേൽഭാഗത്തെ ടാർ ഒലിച്ചുപോയി.

ഈ ഭാഗത്തെ ടാർ നീക്കിയ ശേഷം ഗതാഗതം പുനഃസ്ഥാപിച്ചു. ഉടൻ വീണ്ടും ടാർ ചെയ്യുമെന്ന് അധികൃതർ അറിയിച്ചു. പാതാളം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഒരു ഭാഗം ഇടിഞ്ഞുവെങ്കിലും കഴിഞ്ഞ ദിവസം കുഴികളിൽ മണ്ണുനിറച്ചു ബലപ്പെടുത്തിയിട്ടുണ്ട്.